LIBRARY ARCHIVES Kerala Legislative Assembly

ഓൺലൈൻ വിദ്യാഭ്യാസത്തിനുള്ള പഠനോപകരണങ്ങൾ

179 (4189) ശ്രീ. പി. വി. അൻവർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിലമ്പൂർ നിയോജകമണ്ഡലത്തിൽ ഓൺലൈൻ വിദ്യാഭ്യാസത്തിനാവശ്യമായ പഠനോപകരണങ്ങൾ ലഭ്യമല്ലാത്ത ആദിവാസി മേഖലയിലുള്ള എത്ര വിദ്യാർത്ഥികളുണ്ടെന്ന് പഠിക്കുന്ന ക്ലാസ്സ്, സ്കൂൾ, പഞ്ചായത്ത് എന്നിവ തിരിച്ച് വിവരങ്ങൾ ലഭ്യമാക്കാമോ?

ഇതുമായിബന്ധപ്പെട്ട് പ്രത്യേക പ്രൊഫോർമയിൽ തയ്യാറാക്കിയ വിദ്യാർത്ഥികളുടെ വിശദാംശങ്ങൾ അനുബന്ധമായി ഉള്ളടക്കം ചെയ്യുന്നു.*

(ബി) ഇവർക്ക് പഠനോപകരണങ്ങൾ ലഭ്യമാക്കാൻ സ്വീകരിച്ച നടപടികളും പദ്ധതികളും വിശദമാക്കാമോ; കൈറ്റ് വഴി സ്കൂളുകൾക്ക് വിതരണം ചെയ്ത എത്ര കമ്പ്യൂട്ടറുകളാണ് പ്രസ്തുത മണ്ഡലത്തിലെ ആദിവാസി മേഖലയിലുള്ള വിദ്യാർത്ഥികൾക്ക് താത്ക്കാലികമായി വിതരണം ചെയ്തതെന്ന് സ്കൂൾ, പഞ്ചായത്ത് തിരിച്ച് വിശദാംശം അറിയിക്കാമോ;

ഇവർക്കായി മതിയായ അയൽപക്കപഠനകേന്ദ്രങ്ങൾ ആരംഭിച്ചിട്ടുണ്ട്. ഉപകരണങ്ങൾ ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(സി) ഉൾവനങ്ങളിലുള്ള പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് ഓൺലൈൻ പഠന സൗകര്യം ലഭിക്കാത്തതിന്റെ കാരണങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ; ഇവർക്ക് വൈദ്യുതി, ഇന്റർനെറ്റ് കണക്ടിവിറ്റി എന്നിവയുടെ അഭാവമാണോ പഠനോപകരണത്തിന്റെ അഭാവമാണോ ഉള്ളതെന്നും വിശദമാക്കാമോ; ഏതെല്ലാം ആദിവാസി മേഖലയിലാണ് പ്രശ്നങ്ങൾ ഉള്ളതെന്നും ഇതു പരിഹരിക്കാൻ വകുപ്പ് സ്വീകരിച്ച നടപടികളും ഇടപെടലുകളും അറിയിക്കാമോ?

വൈദ്യുതി, ഇന്റർനെറ്റ് കണക്ടിവിറ്റി, ഡിജിറ്റൽ പഠനോപകരണങ്ങൾ എന്നിവയുടെ അഭാവമുണ്ട്. വാണിയമ്പുഴ, കുമ്പളപ്പാറ, തരിപ്പപ്പൊട്ടി, വട്ടിക്കല്ല്, പുലിമുണ്ട, പാണപ്പുഴ, താളിപ്പുഴ തുടങ്ങിയ ആദിവാസി മേഖലകളിൽ പ്രശ്നങ്ങൾ നിലനിൽക്കുന്നുണ്ട്. വൈദ്യുതി, ഇന്റർനെറ്റ് കണക്ടിവിറ്റി എന്നിവയുടെ അഭാവം പരിഹരിക്കുന്നതിനായി കെ.എസ്.ഇ.ബി യും, ബി.എസ്.എൻ.എൽ-നും വിവരങ്ങൾ നൽകുകയും ആയത് പരിഹരിക്കുന്നതിനുള്ള ശ്രമങ്ങൾ നടത്തുകയും ചെയ്യുന്നുണ്ട്.

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.